# ആരോഗ്യകല്പഭ്രുമം : ദ്രവ്യപരിചയം

**ഡോ. അജയൻ**
ലക്ചറർ, എസ്. എൻ. ആയുർവേദകോളേജ്, കൊട്ടാരക്കര

വേദിയിലിരിയ്ക്കുന്ന ഗുരുസമാനരായ എല്ലാവർക്കും, എല്ലാ വൈദ്യസുഹൃത്തുക്കൾക്കും, സുഹൃദ്വിദ്യാർത്ഥികൾക്കും ആദ്യമായി നമസ്ക്കാരം പറയുന്നു. ഇങ്ങിനെയൊരു ഗുരുസ്മരണ ദിനത്തിൽ ഇതിനൊരു അവസരം കിട്ടിയതിൽ അതിയായി സന്തോഷമുണ്ട്.

ഞാനീ ആരോഗ്യകല്പദ്രുമം എന്ന ഗ്രന്ഥത്തെ സമീപിച്ചത് ഒരു വിദ്യാർത്ഥിയായിട്ടാണ്. ഒരു വിദ്യാർത്ഥി ഇതിൽ എന്തെല്ലാം കാണുന്നു എന്നതാണ് ഞാനിവിടെ അവതരിപ്പിയ്ക്കുന്നത്. ഇതിലെ കുറവുകൾ ഇന്നിവിടെ സന്നിഹിതരായ പണ്ഡിതസദസ്സ് പരിഹരിയ്ക്കുമെന്ന പ്രതീക്ഷയോടെ ഞാനെന്റെ കർത്തവ്യത്തിലേയ്ക്ക് കടക്കട്ടെ. ആദ്യമായി ആരോഗ്യകല്പദ്രുമത്തിലെ ദ്രവ്യവിജ്ഞാനസൈദ്ധാന്തികത എന്താണെന്ന് നോക്കാം.

**സ്വസ്ഥനേയും ആതുരനേയും മുന്നിൽ കണ്ടുകൊണ്ടുള്ള പ്രയോഗങ്ങൾ**

ഇതിലാദ്യമായി ശ്രദ്ധയാകർഷിയ്ക്കുന്നത് രോഗപ്രതിരോധാത്മകമായ ദ്രവ്യങ്ങളുടെ ഉപയോഗമാണ്. ഇവ പ്രധാനമായും അഗ്നിവർദ്ധകവും ധാതുവർദ്ധകവുമാണ്. കൂടാതെ ഇവ ദോഷങ്ങളെ ഉന്മീലനം ചെയ്യുന്നവയും ദോഷങ്ങളുടെ സമ്യക്കായ പ്രകൃതി ഉണ്ടാക്കുന്നവയുമാണ്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പ്രാകാരയോഗങ്ങൾ. ഇതിലെ ദ്രവ്യങ്ങൾ അഗ്നിവർദ്ധകവും ദോഷങ്ങളെ സമാവസ്ഥയിൽ നിർത്തുന്നവയും ഒക്കെയാണ്. വയമ്പ്, ത്രികടു തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. ഇവയുടെ ഇമ്മ്യൂണോ മോഡുലേറ്ററി ആക്ടിവിറ്റി, ബാക്ടീരിയോസ്റ്റാറ്റിക്ക് ആക്ടിവിറ്റി തുടങ്ങിയവയെല്ലാം ഇന്ന് ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടവയാണ്. വയമ്പ്, ധാത്രീ എന്നിവ പ്രാകാരപ്രകരണത്തിൽ തന്നെ 48 സ്ഥലത്ത് പറയുന്നുണ്ട് എന്ന് രാജഗോപാലൻ സാറ് ഇന്നിവിടെ പറഞ്ഞു.

രണ്ടാമത്തേത് രോഗാവസ്ഥയ്ക്കനുസരിച്ച ദ്രവ്യങ്ങളുടെ പ്രയോഗമാണ്. മിക്കവാറും എല്ലാ രോഗാവസ്ഥകളിലുമുള്ള വ്യാധിപ്രത്യയനികവും ദോഷപ്രത്യയനികവുമായ ദ്രവ്യങ്ങളുടേയും യോഗങ്ങളുടേയും ഉപയോഗം.

**ദ്രവ്യയോഗ്യത്വം വിശകലനം ചെയ്യുമ്പോൾ കാണുന്ന പ്രത്യേകതകൾ**

1. കേരളത്തിലെ സുലഭമായതും വളരെ ചിലവ് കുറഞ്ഞതുമായ ദ്രവ്യങ്ങളാണ് ഇതിൽ ഏറേയും പറഞ്ഞിരിയ്ക്കുന്നത്.

2. പത്ഥ്യമായി ഉപയോഗിയ്ക്കേണ്ട ആഹാരദ്രവ്യങ്ങൾ, അനുപാനങ്ങൾ, എന്നിവ ദോഷാനുസാരമായും രോഗാനുസാരമായും വേർതിരിച്ച് പ്രതിപാദിച്ചിരിയ്ക്കുന്നു.

3. നസ്യമായും ലേപനമായും മറ്റും ചുരുങ്ങിയ സമയത്തിനുള്ളിൽ ഫലം ദർശിക്കാവുന്ന ദ്രവ്യങ്ങൾ പരാമർശിച്ചിരിയ്ക്കുന്നു. ഉദാഹരണമായി അപസ്മാരത്തിൽ ബോധം തെളിയാനായി വെള്ളെരിക്ക് വായിൽ ചതച്ചിട്ട് ഊതാൻ പറയുന്നത് അതുപോലെ കുഴിയാനയുടെ നസ്യം ഇവിയെല്ലാം സദ്യഃഫലം തരുന്നതായിട്ടാണ് കാണുന്നത്.

4. സുലഭമായ ദ്രവ്യങ്ങൾ സ്നാനപാനങ്ങൾക്കും ആരോഗ്യപരമായ പ്രകൃതി സൃഷ്ടിയ്ക്കുന്നതിനും ഉപയോഗിച്ചിരിയ്ക്കുന്നു. നമ്മൾ ചികിത്സയിൽ വിട്ടുപോകുന്നവയാണ് സ്നാനവും പാനവും. പ്ലാവിലഞെട്ട്, തെച്ചിയില, നാൽപ്പാമരം തുടങ്ങി സ്നാനത്തിനുപയോഗിക്കേണ്ട ദ്രവ്യങ്ങൾ മിക്കവാറും എല്ലാ രോഗങ്ങളിലും പറഞ്ഞിരിയ്ക്കുന്നു. അതുപോലെ കഴിയ്ക്കേണ്ട ദ്രവ്യങ്ങൾ - പാനങ്ങൾ. പ്രത്യേകമായി പറഞ്ഞിരിയ്ക്കുന്നു.

5. പ്രകൃതി സൃഷ്ടിക്കുക: നമ്മളിന്ന് ഹെൽത്ത് എൻവൈറോൺമെന്റിനെ കുറിച്ചൊക്കെ സംസാരിയ്ക്കാറുണ്ട്. ഒരാൾ ജീവിയ്ക്കുമ്പോൾ അയാളുടെ വളർച്ചയ്ക്ക് ആവശ്യമായ പ്രകൃതി എങ്ങിനെയാണ് ഉണ്ടാകുന്നത്. ഇന്ന് മലിനീകരണം വളരെയധികം നടക്കുന്ന സമയമാണ്. പക്ഷിപീഡചികിത്സ, അപസ്മാര ചികിത്സ എന്നിവയിലെല്ലാം നോക്കിയാൽ അതിൽ പുകയ്ക്കാനുള്ള മരുന്നുകൾ, കുട്ടിയുടെ സമീപം ചേർത്തുവെയ്ക്കേണ്ട മരുന്നുകൾ, ഇവയെല്ലാം പറയുന്നുണ്ട്. ഗവേഷണം അർഹിയ്ക്കുന്ന ഒരു വിഷയങ്ങളാണിവ.

**ദ്രവ്യപ്രയോഗത്തിലെ സവിഷേതകൾ.**

1. വൈവിധ്യവും വ്യത്യസ്തവുമായ ഔഷധസംസ്കരണങ്ങൾ.

2. ഔഷധങ്ങളുടെ ശുദ്ധി: പ്രത്യേകിച്ച് ബാലന്മാരെ മുന്നിൽ കണ്ടുകൊണ്ട് നിഷ്കർഷിച്ചിരിക്കുന്നു. വളരെയധികം ഉപയോഗത്തിലുള്ള ചുക്ക്, കുരുമുളക്, പശുവിൻ പാൽ മുതലായവയുടെ ശുദ്ധിയും പ്രതിപാദിച്ചിരിക്കുന്നു.

3. വിഷദ്രവ്യങ്ങളുടെ പ്രതിവിഷപ്രകരണവും അജീർണ്ണ ആഹാരങ്ങളുടെ പ്രത്യൗഷധ ചികിത്സയും പറഞ്ഞിരിക്കുന്നു.

4. ഔഷധപ്രയോഗകാലങ്ങൾ, ഔഷധമാത്ര എന്നിവയിലുള്ള സൂഷ്മമായ പ്രയോഗങ്ങളും പ്രായോഗികത തിളങ്ങുന്ന പരാമർശങ്ങളും ലഭ്യമാണ്.

**ആരോഗ്യകൽപദ്രുമത്തിലെ ദ്രവ്യഅവലോകനം**

നമ്മുടെ ചുറ്റുപാടും ലഭ്യമായ ജാംഗമ, ഔദ്ദിദ, പാർത്ഥിവദ്രവ്യങ്ങൾ ഏകദേശം തുല്യപ്രാധാന്യത്തോടെ ഉപയോഗിച്ചിരിക്കുന്നു.

ജാംഗമദ്രവ്യങ്ങളായ, ആനയുടെ പല്ല്, അസ്ഥി, ആമത്തോട്, ആട്ടിൻകാഷ്ഠം, കൃഷ്ണമൃഗത്തിൻ തോല്, പച്ചോലപ്പാമ്പ്, മണ്ണിര, മൂട്ട, കോഴിച്ചോര, കുളക്കോഴി,

കാണ്ടാമൃഗത്തിൻ കൊമ്പ്, മുയൽച്ചോര, കുറുക്കന്റെ കാഷ്ഠം തുടങ്ങി മൃഗങ്ങളുടെയും പക്ഷികളുടെയും നഖം, കൊമ്പ്, എല്ല്, തോൽ, രോമം, മാംസം, രക്തം, മൂത്രം, മലം, പാൽ എന്നിവ വളരെയധികം പരാമർശിച്ചിരിക്കുന്നു.

പാർത്ഥിവദ്രവ്യങ്ങളായ രസം, ഗന്ധകം, അരിതാരം, പൊരികാരം, താമ്രം, ഗൈരികം, താളകം, കന്മദം, ശംഖപാഷാണം, വേട്ടവാളൻകൂട്, ചിതൽപുറ്റ് എന്നിവയുടെ പ്രയോഗങ്ങളും ദൃശ്യമാണ്.

തദ്ദേശീയമായ ദ്രവ്യങ്ങൾക്കെല്ലാം സംസ്കൃതനാമങ്ങൾ നൽകിയിരിക്കുന്നു.

ഉദാഹരണമായി,
ശിവതന്തുഭി - ശിവനാർവയമ്പ്
നീലമുണ്ഡി - കരിമുത്തിൾ
തിലകത്വച - മയിലെള്ളിൻ തൊലി
ശോണലതാകന്ദം - ചേമ്പ്രാവള്ളിക്കിഴങ്ങ്
സ്ഫോടലതാ - എലിത്തടി

പല യോഗങ്ങളിലും ചില പ്രത്യേക ഗണങ്ങൾ പരാമർശിച്ചിരിക്കുന്നു. ഉദാഹരണമായി, ത്രിഫലത്രയ, ദശപുഷ്പം, പഞ്ചഗന്ധം എന്നിവ.

ഒരു ദ്രവ്യത്തിന്റെ തന്നെ വിവിധ ഭേദങ്ങൾ അവയുടെ പൂക്കളുടെ നിറത്തിനാധാരമായി ചില പ്രത്യേക രോഗങ്ങൾക്ക് നിർദ്ദേശിച്ചിരിക്കുന്നു. ഉദാഹരണമായി, വെള്ളെരുക്കിൻ വേര് അപസ്മാരത്തിൽ വായിലിട്ട് ചവച്ച് മൂർദ്ധാവിൽ ഊതാൻ പറയുന്നു. അതുപോലെ വെള്ള തെച്ചിവേര് ഗരവിഷചികിത്സയിലും വെളുത്ത പേച്ചുരയിലനീര് അപ്സമാരത്തിൽ നസ്യത്തിനും വിധിക്കുന്നു.

മരങ്ങളിൽ ഉണ്ടാകുന്ന ഇത്തിളുകൾ വളരെ പ്രാധാന്യത്തോടെ ഒറ്റമൂലിയായും യോഗങ്ങളിലും പരാമർശിക്കുന്നു. ഉദാഹരണമായി, ഗർഭമുണ്ടാവാൻ അരയാലിലോ അശോകമരത്തിലോ ഉണ്ടായ ഇത്തിളിന്റെ ഇല, കാഞ്ഞിരത്തിലെ ഇത്തിൾ - ദുർവാമരിചാദി ഗുളികയിൽ (അപസ്മാരത്തിൽ), അപസ്മാരകുലാന്തക ഘൃതത്തിൽ - കാഞ്ഞിരം, നെല്ലി, ഈന്ത ഇവിയിലെ ഇത്തിൾ എന്നിവ പറഞ്ഞിരിക്കുന്നു.

പാലിലും മോരിലും ചേർത്ത ദ്രവ്യങ്ങളും അതിൽ നിന്ന് എടുക്കുന്ന നെയ്യുടേയും വെണ്ണയുടേയും ഉപയോഗങ്ങളും കൂടുതലായി പരാമർശിച്ചിരിക്കുന്നു.

ദ്രവ്യങ്ങളുടെ വേര്, പൂവ്, കായ്, പട്ട, ഇല, തളിര്, കറ, നീര് എന്നിവയിൽ ഏത് എവിടെ ചേർക്കണമെന്നും എങ്ങനെ ഉപയോഗിക്കണം എന്നും വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

ശാസ്ത്രീയമായി നിർണ്ണയം നടത്താത്തതും വളരെ പ്രചാരം കുറഞ്ഞതുമായ ദ്രവ്യങ്ങളുടെ പരാമർശങ്ങളും കാണാവുന്നതാണ്. മയിലെള്ള്, പൊടിയിലഞ്ഞി, കരിംകൊട്ടം, കരിമുത്തിൾ, മലയമുക്കി, കീരിക്കിഴങ്ങ്, പിള്ളവള്ളി, കരിങ്കൊടിക്കിഴങ്ങ്, ഐരാണിവേര് തുടങ്ങിയവ ഇത്തരത്തിലുള്ളവയാണ്.

കഞ്ഞികൊട്ടത്തിന്റെ എല്ലാ ഭാഗങ്ങളും അതിൽ ഉണ്ടാവുന്ന ഇത്തിളും പറയുന്നു. സിദ്ധചികിത്സയിൽ പ്രചാരമുള്ള മുക്കാപ്പീരം, ശിവാനാർവയമ്പ്, ചങ്ങലംപരണ്ട, ഞൊട്ടാഞൊടിയൻ, വേലിപ്പരുത്തി എന്നിവയുടെ പരാമർശങ്ങളും ലഭ്യമാണ്.

**ആരോഗ്യകല്പദ്രുമത്തിലെ പ്രത്യേകം ശ്രദ്ധയർഹിക്കുന്ന ദ്രവ്യങ്ങൾ**

ജ്വരചികിത്സയിൽ മുത്തങ്ങ, പർപ്പടകപുല്ല്, കടുകരോഹിണി എന്നിവയും സന്നിപാതജ്വരങ്ങളിൽ രുദ്രാക്ഷം, വയമ്പ്, പൂവാംകുറുന്തൽ എന്നിവ വളരെയധികം യോഗങ്ങളിൽ പരാമർശിക്കപ്പെടുന്നു. മൂന്ന് മൂട്ടയെ ശർക്കരയിൽ പൊതിഞ്ഞ് കഴിക്കാൻ നാലാം പനിക്ക് ഒരു രഹസ്യയോഗമായി പരാമർശിച്ചിരിക്കുന്നു. എലിവിഷത്തിന് മൂട്ട നസ്യത്തിനും ഉപയോഗിക്കുന്നു.

ചേരിന്റെ വികാരങ്ങൾക്ക് താന്നിയുടെ ഉപയോഗം നിഷ്കർഷിച്ചിരിക്കുന്നു.

ഉരക്ഷതക്ഷയ ചികിത്സകളിൽ കോലരക്കും ഊരകത്തിൻ വേരും ഒറ്റമൂലിയായും യോഗങ്ങളിലും പരാമർശിക്കുന്നു.

അർശശ്ചികിത്സയിൽ കാട്ടപ്പ, കാട്ടുചേന, കുടജ, പാടക്കിഴങ്ങ് എന്നിവ അകത്തേക്കും കള്ളിയില, പാവട്ടത്തളിര്, മോന്തോന്നിക്കിഴങ്ങ് എന്നിവ പുറത്തേക്കും പറഞ്ഞിരിക്കുന്നു.

ഗ്രഹണിയിൽ അക്കാരിത്തേങ്ങ, കറിവേപ്പ്, മുത്തങ്ങ എന്നിവ പല യോഗങ്ങളിലും ഉപയോഗിച്ചിരിക്കുന്നു.

കൃമിക്ക് നായ്ക്കരുണയുടെ തോട് ശർക്കരയിൽ പൊതിഞ്ഞ് കഴിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു.

കാമലക്ക് കീഴാർനെല്ലി മണപ്പിക്കാനും, കരിമുത്തിൾ പാലിൽ കഴിക്കാനും ഒറ്റമൂലിയായി നിർദ്ദേശിച്ചിരിക്കുന്നു.

വിസർപ്പത്തിന് മയിലെള്ള്, ശിവനാർവയമ്പ്, തെച്ചിയുടെ ഇല, വേര്, പൂവ്, മൊട്ട്, ചേമ്പ്രാവള്ളിക്കിഴങ്ങ്, കഞ്ഞിക്കൊട്ടത്തിൽ വേര്, തൊലി, ഇല, തളിര്, മായാക്ക്, നാല്പാമരം, ശതകുപ്പ, സോമവല്ലി, തേങ്ങാപ്പാല് എന്നീ ദ്രവ്യങ്ങളുടെ ഉപയോഗം വളരെ കൂടുതലും പ്രത്യേകം ശ്രദ്ധയർഹിക്കേണ്ടതുമാണ്.

വിസർപ്പരോഗിക്ക് ചിത്തഭ്രമം ഉണ്ടായാൽ, പരുത്തിയില, ചെന്നിനായകം ഇവ കോഴിച്ചോരയിൽ ചാലിച്ച് ശിരസ്സിലിടാൻ നിർദ്ദേശിച്ചിരിക്കുന്നു.

ഗുദകുഷ്ഠത്തിന് ചേമ്പ്രാവള്ളിക്കിഴങ്ങ് നുറുക്കി കറുപ്പ് തേച്ച് ഉണക്കി വെളിച്ചെണ്ണയിൽ വറുത്തരച്ച് വെളിച്ചെണ്ണയിൽ ചാലിച്ച് പുരട്ടാൻ പറഞ്ഞിരിക്കുന്നു.

ചൊറിക്ക് കരിംതകരയില സിദ്ധൗഷധമായി പറഞ്ഞിരിക്കുന്നു.

രക്തസ്തംഭചികിത്സയിൽ കാഞ്ഞിരക്കുരു, കഞ്ഞിക്കൊട്ടം, മയിലെള്ള്, ശതാവരി, അമൃത് എന്നീ ദ്രവ്യങ്ങളുടെ പരാമർശം വളരെ കൂടുതലാണ്.

കുണ്ടാലങ്ങളിൽ പൂവരശിന്റെ പഞ്ചാംഗപ്രയോഗങ്ങൾ വളരെ ശ്രദ്ധ അർഹിക്കുന്നു.

ഇടിത്തീ തട്ടി ബോധക്കേടുണ്ടായാൽ കറുകനീരിൽ നവസാരം മണപ്പിക്കാനും, ദേഹത്ത് തൊട്ടാൽ അറിയാതായാൽ കോഴിച്ചോര സർവാംഗം തേയ്ക്കാനും നിർദ്ദേശിച്ചിരിക്കുന്നു.

ദേഹസ്ഫുടനത്തിന് അഗസ്ത്യപത്രം പുഷ്പം ഇവയുടെ പ്രയോഗം ശ്രദ്ധയർഹിക്കുന്നു.

ചെങ്കണ്ണിന് പാടയുടെ നീര് തഴിമരുന്നായി പറഞ്ഞിരിക്കുന്നു.

വായ്പുണ്ണിന് കഞ്ഞികൊട്ടത്തിൻ വേരിന്മേൽ തൊലി, മായാക്ക് എന്നിവയുടെ പ്രയോഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

ഉന്മാദത്തിന് കൂവളത്തിന്റെ പഞ്ചാംഗം 96 ദിവസത്തേയ്ക്കും ബ്രഹ്മി, വയമ്പ്, ശംഖുപുഷ്പം 80 ദിവസത്തേയ്ക്കും സേവിക്കാൻ പറഞ്ഞിരിക്കുന്നു. സോമവള്ളി ചേർന്ന യോഗങ്ങളും ഉന്മാദചികിത്സയിൽ കാണാം.

പക്ഷിപീഡചികിത്സയിൽ കോഴിപ്പയറ് സമൂലം അകത്തേക്കും പുറത്തേക്കും നിർദ്ദേശിച്ചിരിക്കുന്നു.

പ്രസവിക്കാൻ ഉള്ള പ്രയോഗങ്ങളിൽ മേന്തോന്നിക്കിഴങ്ങ്, മൂട്ട എന്നിവയുടെ ഉപയോഗം പറഞ്ഞിരിക്കുന്നു.

കൈവിഷത്തിൽ ഗരസ്ഥാനനിർണ്ണയത്തിന് അമരിയുടെ പ്രയോഗം പറഞ്ഞിരിക്കുന്നു.

പക്ഷിപീഡിതനെ കിടത്താൻ വെളുത്ത കടുക് പൊടി വിതറാനും വേപ്പില ചുറ്റും വയ്ക്കാനും പച്ചമഞ്ഞൾ, അരിതാരം എന്നിവ പുകയ്ക്കാനും കടുകെണ്ണ ഉപയോഗിച്ച് കത്തിച്ച ഒരു വിളക്ക്വയ്ക്കാനും നിർദ്ദേശിച്ചിരിക്കുന്നു.

ശ്ലീപദത്തിൽ പരുവത്തൊലി മോരിലരച്ച് തേൻ ചേർത്ത് തേയ്ക്കാൻ

ശ്വിത്രത്തിന് വ്യാഘ്രത്തിന്റെ തോലോ, ആനത്തോലോ ഭസ്മമാക്കി വെണ്ണനെയ്യ് ചേർത്ത് തേയ്ക്കാൻ

ചുണങ്ങിന് കുമ്പളവള്ളി ചുട്ട ഭസ്മം ഗോമൂത്രത്തിൽ ചാലിച്ച് തേയ്ക്കാൻ അല്ലെങ്കിൽ എരുമച്ചാണകം തേയ്ക്കാൻ.

നീർവാർപ്പന് ഏകനായകത്തിന് വേരിന്മേൽത്തൊലി മോരിൽ അരച്ച് തേയ്ക്കാൻ

വൃദ്ധിയിൽ ഉഴിഞ്ഞ, പഫണ (വാവട്ട)

ആന്ത്രവായുവിൽ ഞൊട്ടാഞൊടിയൻ, കഴറ്റി

ചുണങ്ങിൽ പൊരികാരം ചെറുനാരങ്ങനീരിലരച്ച് ചന്ദനത്തടി കൊണ്ടരച്ച് തേയ്ക്കാൻ.

പീനസ്സരോഗങ്ങളിൽ -ശിരിഷയും, കരിമുരിക്കില തൈലവും

കണ്ണിലെ ചുവപ്പിനും വീക്കത്തിനും പൂവാംകുറുന്തൽ നീര് തേൻ ചേർത്ത്

**ആരോഗ്യകല്പദ്രുമത്തിലെ പ്രത്യേകം ശ്രദ്ധയർഹിക്കുന്ന പ്രയോഗങ്ങൾ**

ശൗണ്ഡീരസായനം ശ്വാസകാസങ്ങൾക്ക്

ജംബീര നവനീതം ക്ഷയചികിത്സയിൽ

ജീരകരസായനം ഗ്രഹണിയിൽ

സാരശർക്കര കൃമിക്ക്

താമ്പുലഭസ്മം ശൂലയ്ക്ക്

വിസർപ്പത്തിന് ക്ഷാരതൈലം, പുടപാകകഷായങ്ങൾ, കരിക്കിൻ പ്രയോഗങ്ങൾ,

ശാകാദുർവാദികഷായം, ഖദിരാസവം, ശിംശപാസവം, വൽക്കാസവം, പുഷ്പാസവം എന്നിവ വളരെ പ്രാധാന്യത്തോടെ വിധിക്കുന്നു.

ഊരുസ്തംഭനത്തിന് കടുക് മോരിലരച്ച് കള്ളിപ്പാലതണ്ട് തുരന്ന് ഉള്ളിൽ നിറച്ച് അടച്ച് പുടപാകവിധിപ്രകാരം എടുത്ത് കള്ളിപ്പാലനീരിൽ പുരട്ടാൻ.

ശൂലചികിത്സയിൽ - ഇന്തുപ്പ് നിറച്ച് പുടപാകവിധിപ്രകാരം മുകളിൽ പറഞ്ഞ പോലെ എടുത്ത്, ഇന്തുപ്പ് ഉള്ളിൽ കഴിക്കാൻ

രസതൈലം സിരാഗ്രഹത്തിന്

പക്ഷാഘാതത്തിന് കുളക്കോഴിയുടെ മാംസം കൊണ്ടുള്ള കഷായത്തിൽ, കുറുന്തോട്ടി, പാൽ ഇവയും ചേർത്ത് ഗോതമ്പ് ഉപയോഗിച്ച് കിഴി ഇടാൻ. ഗോതമ്പ് പല വാതരോഗങ്ങൾക്കും കിഴിക്കായി നിർദ്ദേശിക്കുന്നു.

ഒക്കിന്മേൽ വ്രണത്തിന് ഗന്ധകനവനീതം

കടുക്കാവെണ്ണ പ്രയോഗങ്ങൾ

നാസാർശ്ശസിൽ ഗ്രന്ഥിമൂലാദിതൈലം

മൂർഖവിഷത്തിൽ അശ്വഗന്ധാദി ഗുളിക, വിഷത്തിൽ സിദ്ധയാമക ഗുളിക

**ഉപസംഹാരം**

അമൂല്യമായ നിധിയാണ് ഈ ചികിത്സാഗ്രന്ഥം എന്ന് വൈവിധ്യമാർന്ന പ്രകരണങ്ങളിൽ നിന്ന് ദർശിക്കാൻ കഴിയും. തദ്ദേശീയമായ ദ്രവ്യങ്ങളെ രോഗാവസ്ഥകളിൽ എങ്ങനെ പ്രയോഗിച്ചിരിക്കുന്നു എന്നത് ഏതൊരു ആയുർവേദ സ്നേഹിയും ആദരവോടെയും, ഗവേഷണ ബുദ്ധിയോടെയും കാണേണ്ടതാണ്. ഈ ഗ്രന്ഥം എല്ലാം കൊണ്ടും പൂർണ്ണ ആരോഗ്യമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കാൻ ഉതകുന്ന ഒരു കല്പദ്രുമം തന്നെയാണ്.

എസ്. എൻ. എ ഔഷധശാലയുടെ ഉണ്ണിമൂസ്സ് ദിനത്തിൽ ഇത്തരം ഒരു ഗ്രന്ഥത്തിനെ പറ്റി ചർച്ചചെയ്യുവാനും ഒരു വലിയ സമൂഹത്തിന്റെ നന്മയ്ക്കായി ഉപയോഗപ്പെടുത്താനും അവബോധം സൃഷ്ടിക്കാനും ശ്രമിച്ച ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും, ഇവിടെ സന്നിഹിതരായിരിക്കുന്ന ഗുരുക്കന്മാർക്കും, ബഹുമാന്യരായ സുഹൃത്തുക്കൾക്കും വിദ്യാർത്ഥികൾക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് നല്ലൊരു ചർച്ച ഇപ്പോഴും ഇനിയും തുടരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. നമസ്ക്കാരം.